"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, പെരുമാങ്ങോട് എ.എൽ.പി സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി.ദിവ്യ.പി ഫയൽ ചെയ്ത WP(C) No.24993/2019 മേലും ടി സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C) No. 8758/2020-മേലും ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 08/11/2024 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4668/2025/GEDN തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:-

1. പാലക്കാട്, പെരുമാങ്ങോട് എ.എൽ.പി സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി.ദിവ്യ.പി ഫയൽ ചെയ്ത WP(C) No.24993/2019 മേലും ടി സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C) No. 8758/2020-മേലും ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 08/11/2024 തീയതിയിലെ പൊതുവിധിന്യായം
2. ചെറുപ്ലശ്ശേരി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05/02/2025 തീയതികളിലെ AEOCPL/748/2024-D നമ്പർ കത്ത്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 08/02/2025 തീയതിയിലെ DGE/728/2025-G1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട്, പെരുമാങ്ങോട് എ.എൽ.പി സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി.ദിവ്യ.പി ഫയൽ ചെയ്ത WP(C) No.24993/2019 മേലും ടി സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C) No. 8758/2020-മേലും ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 1 പൊതുവിധിന്യായത്തിൽ സർക്കാരിന്റെ 13.6.2019-ലെ ബി3/256/2017/പൊ.വി.വ നമ്പർ കത്തും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ജി1/235311/2021 തീയതി 10.7.2022 ഉത്തരവും റദ്ദ് ചെയ്യുകയും, എക്സിബിറ്റ് പി2 ഉത്തരവിന്റെ (GO (P) 29/2016/പൊ.വി.വ തീയതി 29.1.2016) അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ 27.1.2016 മുതലുള്ള നിയമനം സർക്കാർ പുനഃപരിശോധിക്കുവാനും നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം ഹർജിക്കാരെയും ബന്ധപ്പെട്ട കക്ഷികളെയും 11.2.2025-ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം കേട്ടു.

2. ഹർജിക്കാരായ ശ്രീമതി.ദിവ്യ.പി യുടെയും സ്കൂൾ മാനേജരുടെയും വാദങ്ങൾ ചുവടെ ചേർക്കുന്നു.

പാലക്കാട്, പെരുമാങ്ങോട് എ.എൽ.പി സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി.പി.ദാക്ഷായണിയെ 1.5.2015 മുതൽ പ്രധാനാദ്ധ്യപികയായി പ്രൊമോട്ട് ചെയ്ത ഒഴിവിൽ

27.1.2016-ന് ശ്രീമതി.പി.ദിവ്യയെ എൽ.പി.എസ്.ടി ആയി നിയമിച്ചു. ശ്രീമതി.പി.ദിവ്യയെ ഉൾക്കൊള്ളാനുള്ള തസ്തിക ലഭ്യമല്ല എന്ന കാരണത്താൽ ചെർപ്പുളശ്ശേരി എ.ഇ.ഒ നിയമനം നിരസിച്ചു. ഇതിനെതിരെ മണ്ണാർക്കാട് ഡി.ഇ.ഒ, ഡി.ജി.ഇ എന്നിവർക്ക് നൽകിയ അപ്പീലുകളും നിരസിക്കപ്പെട്ടു. തുടർന്ന് സർക്കാരിലേക്ക് അപ്പീൽ നൽകി. സർക്കാർ കത്ത് നമ്പർ B3/256/17/GEDN dated 4.5.2018 പ്രകാരം തസ്തിക ലഭ്യമാണെങ്കിൽ നിയമനം അംഗീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചു. ഈ കത്തിന്മേൽ ചെർപ്പുളശ്ശേരി എ.ഇ.ഒ സ്പഷ്ടീകരണം ആവശ്യപ്പെട്ടതനുസരിച്ച് B3/256/17/G.Edn dated 13.6.2019 പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകി എന്നാൽ 2015-16, 2016-17, 2017-18 വർഷങ്ങളിൽ തസ്തിക ഭൗതികമായി നിലനിൽക്കുന്നില്ല എന്ന കാരണം കാണിച്ച് 1.8.2019-ലെ ഉത്തരവ് പ്രകാരം എ.ഇ.ഒ നിയമനം നിരസിച്ചു.

2010-11-ലെ തസ്തിക നിർണ്ണയം തന്നെയാണ് 2015-16 വരെ തുടരുന്നത്. 2015-16 വർഷം ആരംഭത്തിൽ 9 തസ്തികകൾ ഉണ്ട്. ഇതിൽ എച്ച്.എം. ഉൾപ്പെടെ 8 പേർ മാത്രമേ ജോലി ചെയ്യുന്നുള്ളൂ. ശ്രീമതി.പി.ദാക്ഷായണിയുടെ പ്രൊമോഷൻ തസ്തിക ഒഴിഞ്ഞു കിടപ്പാണ്. ഇതിലാണ് 27.1.2016-ന് ശ്രീമതി പി.ദിവ്യയെ നിയമിച്ചത്. ശ്രീമതി ദിവ്യയുടെ നിയമനം 2015-16 വർഷത്തിലാണ്. GO (P) 29/2016/G.Edn dated 29.1.2016 എന്ന ഉത്തരവിലെ ഖണ്ഡിക II (2) അനുസരിച്ച് 2012-13 മുതൽ 2015-16 വരെ നടത്തിയ നിയമനങ്ങൾക്ക് 1:30 അനുപാതത്തിൽ കുട്ടികളുണ്ടെങ്കിൽ അംഗീകാരം നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2015-16-ലെ കുട്ടികളുടെ കണക്ക് താഴെ കാണും പ്രകാരമാണ്.

| | I | II | III | IV | Total |
|---|---|---|---|---|---|
| Effective strength | 70 | 77 | 79 | 61 | 287 |
| Admissible divisions under 1:30 | 3 | 3 | 3 | 3 | 12 |
| Division can be sanctioned as per accommodation | 3 | 3 | 2 | 2 | 10 |
| Division sanctioned by he AEO under 1:45 | 2 | 2 | 2 | 2 | 8 |

1:45 അനുപാതത്തിൽ 8 ഡിവിഷനുകൾ മാത്രമാണ് എ.ഇ.ഒ അനുവദിച്ചത് (Order No.D.Dis/E/338/2016 dated 6.4.2016 of the AEO Cherpulassery). 2015-16ലെ തസ്തിക നിർണ്ണയ ഉത്തരവ് 6.4.2016-ന് മാത്രമാണ് എ.ഇ.ഒ നൽകിയിട്ടുള്ളത്.

2016-17, 2017-18, 2018-19 വർഷങ്ങളിൽ 2 അധിക ഡിവിഷനുകളും 2019-20 വർഷം 3 അധിക ഡിവിഷനുകളും അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ GO (P)4/21/GEDN dated 6.2.2021, circular No.H2/19500/19/DGE dated 26.2.2021 എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് നിയമനം അംഗീകരിക്കുന്നതിനായി പ്രൊപ്പോസൽ പുനഃസമർപ്പിച്ചു. 2015-16-ൽ തസ്തിക അനുവദിച്ചിട്ടില്ല, 2016-17, 2017-18 വർഷങ്ങളിൽ തസ്തിക ഭൗതികമായി നിലനിൽക്കുന്നില്ല എന്ന കാരണം കാണിച്ച് ഇതും നിരസിക്കപ്പെട്ടു. ഇതിനെതിരെ മണ്ണാർക്കാട് ഡി.ഇ.ഒ ക്ക് അപ്പീൽ നൽകിയെങ്കിലും പരിഗണിക്കപ്പെട്ടില്ല. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ നൽകി. 2018-19 മുതൽ നിയമനം അംഗീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചതനുസരിച്ച് 16.7.2018 മുതൽ നിയമനാംഗീകാരം ലഭിച്ചു.

27.1.2016 മുതൽ ശ്രീമതി പി.ദിവ്യ സ്കൂളിൽ ജോലി ചെയ്യുന്നുണ്ട്. പാഠ്യ പാഠ്യേതര വിഷയങ്ങളിൽ അവർ പങ്കാളിയായിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ പരിശീലന പരിപാടികളിൽ അവർ ഹാജരായിട്ടുണ്ട്.

ഭൗതികമായി ഡിവിഷൻ നിലനിന്നെങ്കിലേ നിയമനം അംഗീകരിക്കാവൂ എന്ന സർക്കാർ

സ്പഷ്ടീകരണം (എക്സിബിറ്റ് പി14) വിധിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ട്. അതിനാൽ എക്സിബിറ്റ് പി14 അടിസ്ഥാനമാക്കി എ.ഇ.ഒ പുറപ്പെടുവിച്ച എക്സിബിറ്റ് പി15 ഉത്തരവിന് പ്രസക്തിയില്ലാതായി.

ഈ സാഹചര്യത്തിൽ 2015-16-ലെ തസ്തിക നിർണ്ണയം G.O (P)29/2016/G.Edn dated 29.1.2016 ഉത്തരവ് പ്രകാരം 1:30 അനുപാതത്തിൽ പുനഃപരിശോധിച്ച് ശ്രീമതി.പി.ദിവ്യയുടെ നിയമനം 27.1.2016 മുതൽ അംഗീകരിക്കുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

3. വിദ്യാഭ്യാസ അധികാരികളുടെ സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കും പ്രകാരമാണ്.

പെരുമാങ്ങോട് എ.എൽ.പി.എസ്-ലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി.ദാക്ഷായണിയെ 1.5.2015 മുതൽ പ്രധാന അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ ശ്രീമതി.പി ദിവ്യയെ 27.1.2016 മുതൽ മാനേജർ എൽ.പി.എസ്.ടി തസ്തികയിൽ നിയമിച്ചിരുന്നു. 2015-16-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 1:40 അനുപാതത്തിൽ എട്ട് തസ്തികകളാണ് അനുവദിച്ചിരിക്കുന്നത്.1:30 അനുപാതത്തിൽ ഒരു അധിക ഡിവിഷൻ അനുവദിച്ചാൽ മാത്രമേ ശ്രീമതി.പി.ദിവ്യയെ ഉൾക്കൊള്ളാൻ ആകൂ. 2015-16 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി അദ്ധ്യാപികയെ നിയമിക്കുന്നതിന് ആവശ്യമായ തസ്തിക ലഭ്യമല്ലാതിരുന്നതിനാൽ 11.5.2016-ലെ KDIS/E/332/16 നമ്പർ ഉത്തരവ് പ്രകാരം ടി നിയമനം നിരസിച്ചിരുന്നു. 1:30 അനുപാതത്തിൽ അധിക തസ്തിക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 2015-16-ലെ തസ്തിക നിർണ്ണയ ഉത്തരവിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ചിരുന്നു. GO 29/16 തീയതി 29.1.2016 പ്രകാരം അധിക തസ്തികയിൽ 1:30 അനുപാതത്തിൽ അധിക തസ്തികയിൽ 27.1.2016-ന് നടത്തിയ നിയമനം അംഗീകരിക്കാനാവില്ല എന്ന് ചൂണ്ടിക്കാണിച്ചാണ് വിദ്യാഭ്യാസ ഉപഡയറക്ടർ അപ്പീൽ നിരസിച്ചത്. വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ ഈ കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടറുടെ RA (C)/85382/16 തീയതി 5.6.2017 പ്രകാരവും നിരസിച്ചതാണ്.

ശ്രീമതി. ദിവ്യയുടെ നിയമനം ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ ജി1/14874/2015/ഡി.പി.ഐ/കെ.ഡിസ് തീയതി 15.6.2017 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിക്കുകയുണ്ടായി. നിയമനം നിരസിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിനെതിരെ മാനേജർ ബഹുമാനപ്പെട്ട സർക്കാർ മുമ്പാകെ അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് (പി)/29/16/പൊ.വി.വ തീയതി 29.1.2016-ലെ വ്യവസ്ഥകൾക്ക് അനുസരിച്ച് പെരുമാങ്ങോട് എ.എൽ.പി സ്കൂളിൽ തസ്തിക ലഭ്യമാണെങ്കിലും ശ്രീമതി.ദിവ്യ മറ്റെല്ലാ വിധത്തിലും യോഗ്യയാണെങ്കിലും ടിയാളുടെ നിയമനം അംഗീകരിച്ചു നൽകാൻ ബഹു. ഗവൺമെന്റ് നിർദ്ദേശിച്ചു.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ദിവ്യയുടെ നിയമനം ഉപജില്ല വിദ്യാഭ്യാസ ആഫീസ് പുന:പരിശോധിക്കുകയുണ്ടായി. 2015-16 വർഷം മുതൽ ശ്രീമതി.പി.ദിവ്യ ഉൾപ്പെടെ 9 അദ്ധ്യാപകർ ജോലി ചെയ്തിരുന്നുവെങ്കിലും 2015-16, 2016-17, 2017-18 വർഷങ്ങളിൽ എട്ട് ഡിവിഷനുകൾ മാത്രമാണ് പ്രവർത്തിച്ചിരുന്നത് എന്ന് കാണുകയും ശ്രീമതി.പി.ദിവ്യയുടെ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട സർക്കാരിൽ നിന്ന് സ്പഷ്ടീകരണത്തിന് അപേക്ഷിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. സർക്കാർ ബി3/256/2017/പൊ.വി.വ തീയതി 13.6.2019 (എക്സിബിറ്റ് പി11) പ്രകാരം പെരുമാങ്ങോട് എ.എൽ.പി സ്കൂളിൽ ഒരു അധിക ഡിവിഷൻ

ഭൗതികമായി പ്രവർത്തിക്കുകയും അദ്ധ്യാപിക ടി അധിക ജിവിഷനിൽ ജോലി ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ നിലവിലെ നിയമങ്ങൾ പ്രകാരം ടി അദ്ധ്യാപികയ്ക്ക് അധിക ഡിവിഷനിൽ നിയമാംഗീകാരം നൽകാൻ കഴിയൂ എന്ന് വ്യക്തമാക്കി ശ്രീമതി.പി.ദിവ്യയുടെ നിയമനാംഗീകാരത്തിന്റെ കാര്യത്തിൽ സ്കൂൾ രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ ഉപജില്ല വിദ്യാഭ്യാസ ഓഫീസിനോട് നിർദ്ദേശിക്കുകയും ചെയ്തു.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്കൂൾ രേഖകൾ പരിശോധിച്ചതിൽ നിന്നും ടി അദ്ധ്യാപികയെ ഉൾക്കൊള്ളുന്നതിന് ആവശ്യമായ കുട്ടികൾ ഉണ്ടായിരുന്നുവെങ്കിലും ഭൗതികമായി ഒരു അധിക ഡിവിഷൻ പ്രവർത്തിച്ചിരുന്നില്ല എന്ന് ബോദ്ധ്യമായതിനാൽ ശ്രീമതി.പി.ദിവ്യയുടെ 27.1.2016 മുതൽ എൽ.പി.എസ്.ടി തസ്തികയിലുള്ള നിയമനം ഉത്തരവ് നമ്പർ കെ.ഡിസ്/ഇ/2125/2018 തീയതി 1.8.2019 പ്രകാരം നിരസിച്ച് ഉത്തരവായിട്ടുണ്ട്.

ശ്രീമതി.പി.ദിവ്യയുടെ നിയമനം നിരസിച്ചതിനെതിരെ മാനേജർ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP (C) 8758/2020 ഫയൽ ചെയ്തിരുന്നു. WP © /24993/2019 ലൂടെ ശ്രീമതി.ദിവ്യയും ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഈ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കെ തന്നെ ടി സ്കൂൾ മാനേജർ ദിവ്യയുടെ നിയമന പ്രൊപ്പോസൽ സമന്വയ വഴി പുന:സമർപ്പിക്കുകയുണ്ടായി. ആയത് ഉപജില്ല വിദ്യാഭ്യാസ ഓഫീസിൽ നിന്ന് നിരസിച്ചിരുന്നു. ഇതിനെതിരെ മാനേജർ മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ അപ്പീലും നിരസിക്കപ്പെട്ടു. തുടർന്ന് മാനേജർ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും 20.4..2022-ന് ബന്ധപ്പെട്ട കക്ഷികളെ ഉൾപ്പെടുത്തി ഓൺലൈൻ ഹിയറിംഗ് നടത്തുകയും ഉണ്ടായി. കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പരിശോധിച്ച് ശ്രീമതി.പി.ദിവ്യയ്ക്ക് നിലനിൽക്കുന്നതിനുള്ള തസ്തികയും ഒഴിവും ലഭ്യമാണെന്ന് ഉറപ്പ് വരുത്തി ശ്രീമതി ദിവ്യയുടെ നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരം എങ്കിൽ അംഗീകരിച്ച് നൽകാൻ നിർദ്ദേശിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ ജി1/235311/2021 തീയതി 10.7.2022 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ 16.7.2018 മുതൽ 5.2.2021 വരെ നോഷണൽ ആയും 6.2.2021 മുതൽ ശമ്പളവും ആനുകൂല്യങ്ങളും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി.പി.ദിവ്യയുടെ 27.1.2016 മുതലുള്ള നിയമനം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് അറിയിക്കുന്നു.

4. സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെ വാദങ്ങൾ, സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു.പാലക്കാട്, പെരുമാങ്ങോട് എ.എൽ.പി സ്കൂളിലെ എൽ.പി.എസ്.ടി ആയിരുന്ന ശ്രീമതി.ദാക്ഷായണിക്ക് 1.5.2015 മുതൽ പ്രധാനാദ്ധ്യപിക ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ ശ്രീമതി.പി.ദിവ്യയെ 27.1.2016 മുതൽ മാനേജർ എൽ.പി.എസ്.ടി തസ്തികയിൽ നിയമിച്ചു. 2015-16-ലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 1:40 അനുപാതത്തിൽ 8 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. 1:30 അനുപാതത്തിൽ ഒരു അധിക ഡിവിഷൻ അനുവദിച്ചാൽ മാത്രമേ ഹർജിക്കാരിയെ ഉൾക്കൊള്ളാൻ കഴിയൂ. GO (P)29/2016/പൊ.വി.വ തീയതി 29.1.2016 പ്രകാരം 1:30 അനുപാതത്തിൽ അധിക തസ്തികയിൽ 27.1.2016-ൽ നടത്തിയ നിയമനം അംഗീകരിക്കുവാൻ കഴിയില്ല എന്ന് ചൂണ്ടിക്കാട്ടിയാണ് വിദ്യാഭ്യാസ ഉപഡയറക്ടർ അപ്പീൽ നിരസിച്ചത്. ഇതിനെതിരെ സമർപ്പിച്ച അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ചു. GO (P)

29/2016/പൊ.വി.വ തീയതി 29.1.2016 പ്രകാരം 1:30 അനുപാതത്തിൽ പുനഃപരിശോധിച്ച് ശ്രീമതി.ദിവ്യയുടെ നിയമനം 27.1.2016 മുതൽ അംഗീകരിക്കണമെന്നതാണ് ഹർജിക്കാരുടെ ആവശ്യം.

ശ്രീമതി.ദിവ്യയുടെ നിയമനം ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ ജി1/14874/2017/ഡി.പി.ഐ/കെ.ഡിസ് തീയതി 15.6.2017 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിക്കുകയുണ്ടായി. നിയമനം നിരസിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിനെതിരെ മാനേജർ ബഹുമാനപ്പെട്ട സർക്കാർ മുമ്പാകെ അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് (പി)/29/16/പൊ.വി.വ തീയതി 29.1.2016-ലെ വ്യവസ്ഥകൾക്ക് അനുസരിച്ച് പെരുമാങ്ങോട് എ.എൽ.പി സ്കൂളിൽ തസ്തിക ലഭ്യമാണെങ്കിലും ശ്രീമതി.ദിവ്യ മറ്റെല്ലാ വിധത്തിലും യോഗ്യയാണെങ്കിലും ടിയാളുടെ നിയമനം അംഗീകരിച്ച നൽകാൻ ബഹു.ഗവൺമെന്റ് നിർദ്ദേശിച്ചു.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ദിവ്യയുടെ നിയമനം ഉപജില്ല വിദ്യാഭ്യാസ ആഫീസ് പുന:പരിശോധിക്കുകയുണ്ടായി. 2015-16 വർഷം മുതൽ ശ്രീമതി.പി.ദിവ്യ ഉൾപ്പെടെ 9 അദ്ധ്യാപകർ ജോലി ചെയ്തിരുന്നുവെങ്കിലും 2015-16, 2016-17, 2017-18 വർഷങ്ങളിൽ എട്ട് ഡിവിഷനുകൾ മാത്രമാണ് പ്രവർത്തിച്ചിരുന്നത് എന്ന് കാണുകയും ശ്രീമതി.പി.ദിവ്യയുടെ നിയമനം സംബന്ധിച്ച് സർക്കാരിൽ നിന്ന് സ്പഷ്ടീകരണത്തിന് അപേക്ഷിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു സർക്കാർ ബി3/256/2017/പൊ.വി.വ തീയതി 13.6.2019 (എക്സിബിറ്റ് പി11) പ്രകാരം പെരുമാങ്ങോട് എ.എൽ.പി സ്കൂളിൽ ഒരു അധിക ഡിവിഷൻ ഭൗതികമായി പ്രവർത്തിക്കുകയും അദ്ധ്യാപിക ടി അധിക ഡിവിഷനിൽ ജോലി ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ നിലവിലെ നിയമങ്ങൾ പ്രകാരം ടി അദ്ധ്യാപികയ്ക്ക് അധിക ഡിവിഷനിൽ നിയമാംഗീകാരം നൽകാൻ കഴിയൂ എന്ന് വ്യക്തമാക്കി ശ്രീമതി.പി.ദിവ്യയുടെ നിയമനാംഗീകാരത്തിന്റെ കാര്യത്തിൽ സ്കൂൾ രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ ഉപജില്ല വിദ്യാഭ്യാസ ഓഫീസിനോട് നിർദ്ദേശിക്കുകയും ചെയ്തു.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്കൂൾ രേഖകൾ പരിശോധിച്ചതിൽ നിന്നും ടി അദ്ധ്യാപികയെ ഉൾക്കൊള്ളുന്നതിന് ആവശ്യമായ കുട്ടികൾ ഉണ്ടായിരുന്നുവെങ്കിലും ഭൗതികമായി ഒരു അധിക ഡിവിഷൻ പ്രവർത്തിച്ചിരുന്നില്ല എന്ന് ബോദ്ധ്യമായതിനാൽ ശ്രീമതി.പി.ദിവ്യയുടെ 27.1.2016 മുതൽ എൽ.പി.എസ്.ടി തസ്തികയിലുള്ള നിയമനം ഉത്തരവ് നമ്പർ കെ.ഡിസ്/ഇ/2125/2018 തീയതി 1.8.2019 പ്രകാരം നിരസിച്ച ഉത്തരവായിട്ടുണ്ട്.

തുടർന്ന് മാനേജർ വീണ്ടും WP (C)8758/2020 ഫയൽ ചെയ്യുകയും, എന്നാൽ കേസ് പരിഗണനയിലിരിക്കെ ഹർജിക്കാരിയുടെ നിയമന പ്രൊപ്പോസൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുമുണ്ടായി. ഇതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീലിന്മേൽ 20.4.2022-ന് നടത്തിയ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പരിശോധിച്ച് ശ്രീമതി.ദിവ്യയ്ക്ക് നിലനിൽക്കുന്നതിനുള്ള തസ്തികയും ഒഴിവും ലഭ്യമാണെന്ന് ഉറപ്പ വരുത്തി ടി നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച് നൽകുവാൻ നിർദ്ദേശിക്കുകയും (ഉത്തരവ് നം.ജി1/235311/2021/തീയതി 10.7.2022) ആയതിന്റെ അടിസ്ഥാനത്തിൽ GO (P)4/2021/പൊ.വി.വ തീയതി 6.2.2021 പ്രകാരം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ 16.7.2018 മുതൽ 5.2.2021 വരെ നോഷണൽ ആയും 6.2.2021 മുതൽ ശമ്പളവും ആനുകൂല്യങ്ങളും അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ശ്രീമതി.പി.ദിവ്യയുടെ 27.1.2016 മുതലുള്ള നിയമനം പരിഗണിക്കുവാൻ നിർവാഹമില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, GO(P)29/2016/പൊ.വി.വ തീയതി 29.1.2016 പ്രകാരം തസ്തിക പുനർ നിർണ്ണയം നടത്തുമ്പോൾ 2015-16- വർഷം ഒരു അധിക തസ്തിക 1:30 അനുപാതത്തിൽ ലഭിക്കുന്നുണ്ടെങ്കിലും ഹർജിക്കാരി 27/1/2016 മുതൽ ജോലി ചെയ്തിരുന്നുവെങ്കിലും ടി തസ്തികയിൽ ഹർജിക്കാരിയുടെ നിയമനം 27.1.2016 മുതൽ അംഗികരിച്ച് നൽകാൻ ചെറുപ്ലശ്ശേരി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 1 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെറുപ്ലശ്ശേരി
മാനേജർ, എ.എൽ.പി സ്കൂൾ, പെരുമാങ്ങോട് , പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.എൽ.പി സ്കൂൾ, പെരുമാങ്ങോട് , പാലക്കാട്.
ശ്രീമതി. ദിവ്യ. പി, എൽ.പി.എസ്.ടി
എ.എൽ.പി സ്കൂൾ, പെരുമാങ്ങോട് , പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 15-07-2025 15:07:44
സെക്ഷൻ ഓഫീസർ